## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3082 | | 21.08.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ദേശീയ വാർദ്ധക്യകാല പെൻഷൻ വിതരണം | | | |
| ചോദ്യം | | മറുപടി | |
| ശ്രീ. എം. ഉമ്മർ | | ഡോ. കെ. ടി. ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | 2016 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലെ ദേശീയ വാർദ്ധക്യകാല പെൻഷൻ വിതരണം ചെയ്തപ്പോൾ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയതു മൂലം തുക മടങ്ങിയ ഗുണഭോക്താക്കൾക്ക് നാളിതുവരെയും പ്രസ്തുത തുക വിതരണം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അതിനുശേഷമുള്ള വാർദ്ധക്യകാല പെൻഷൻ വിതരണം ചെയ്തിട്ടും മേൽപ്പറഞ്ഞ പ്രകാരം മുടങ്ങിയ കുടിശ്ശിക തുക വിതരണം ചെയ്യാത്തത് എന്തു കൊണ്ടാണ് ; | (ബി) യും (സി) യും | 2016 ജൂൺ മുതൽ 2017 ഏപ്രിൽ മാസം വരെ വിവിധ കാരണങ്ങളാൽ കുടിശ്ശികയായിട്ടുള്ള തുകകൾ 2017 മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷനോടൊപ്പം വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത തുക ഓണത്തിനു മുമ്പ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന പെൻഷനിൽ ഉൾപ്പെടുത്തി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ